(ഡി) പൂവനക്കാവു ചേലക്കൊമ്പുറോഡിൽ വല്യതോട്ടിൽ പണിയാനുദ്ദേശിക്കുന്ന പാലത്തിന്റെ ടെൻഡർ ഇതേവരെ വിളിക്കാത്ത കാരണം എന്താണു് ;

(ഇ) ഈ മാസത്തിൽ പ്രസ്തുത പാലംപണി ആരംഭിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ഇലക്ട്രിക് ട്രാൻസ്ഫാർമേഴ്സ്.

* 75. [26] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മാസത്തിൽ എത്ര ഇലക്ട്രിക് ട്രാൻസ്ഫാർമേഴ്സ് ഗവണ്മെന്റു വാങ്ങിയിട്ടുണ്ടു് ;

(ബി) എവിടെനിന്നാണു് ട്രാൻസ്ഫാർമേഴ്സ് വാങ്ങുന്നതു് ;

(സി) ട്രാൻസ്ഫാർമേഴ്സ് ഇല്ലാത്തതുകൊണ്ടു് ഇലക്ട്രിക് ലൈൻ പുതുതായി അനുവദിക്കാൻ വിഷമതകൾ നേരിടുന്നുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 502 എണ്ണത്തിനു് ആർഡർ കൊടുത്തിട്ടുണ്ടു്.

(ബി) ട്രാൻസ്ഫാർമേഴ്സ് ഉണ്ടാക്കുന്ന ഇൻഡ്യൻകമ്പനികളിൽ നിന്നു്.

(സി) ഇല്ല.

ശ്രീ. എം. എം. മത്തായി: ആർഡർ കൊടുത്തിട്ടും ഇതുവരെ ലഭിക്കാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ: അറിഞ്ഞുകൂടാ.

ശ്രീ. എം. എം. മത്തായി: ട്രാൻസ്ഫാർമേഴ്സ് ഉണ്ടാക്കുന്ന കമ്പനി തിരുവിതാംകൂറിൽ ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ: നോട്ടീസ് വേണം.

വനവാസ്സികളുടെ കൈവശമുള്ള ഭൂമി.

* 76. [28] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ താമസിച്ചുവരുന്ന വനവാസ്സികളുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഒരു കുടുംബത്തിനു് എത്ര ഏക്കർവരെ കൃഷിചെയ്യുവാൻ അവകാശമുണ്ടു് എന്നു് വല്ല നിബന്ധനയുമുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ;

(ഡി) വനവാസ്സികളുടെ പേരിൽ സ്ഥലം തെളിച്ചു് അന്യർ കൃഷിചെയ്തുവരുന്ന കാര്യം ഗവണ്മെന്റിനറിവുണ്ടോ ;

(ഇ) ഇതെക്കുറിച്ചു് അന്വേഷിക്കുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly